**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** **31-08-2022 - ൽ മറുപടിയ്ക്ക്**

**തരിശ് രഹിത കൃഷി ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കൃഷി ഭൂമികൾ തരിശ് രഹിതമാക്കുന്നതിനും ഭക്ഷ്യവിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തരിശു കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിച്ച കർഷകർക്ക് ഒരു കൈത്താങ്ങായും ഭക്ഷ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിനുമാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 സാമ്പത്തിക വർഷത്തിലും 2021-22 സാമ്പത്തിക വർഷത്തിലും നടപ്പിലാക്കിയത്. തരിശു നിലത്തിൽ കൃഷി ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകം ആയിരുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകി.<br><br>2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഞങ്ങളും കൃഷിയിലേക്ക് എന്ന പരിപാടി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് കൃഷി അനുബന്ധ വകുപ്പുകളുമായും ഏകോപിപ്പിച്ചാണ് ക്യാമ്പയിൻ മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ ജനകീയ ക്യാമ്പയിനിലൂടെയും തരിശു കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു.<br><br>2022-23 വാർഷിക പദ്ധതിയിൽ നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപ കർഷകനും 5000 |

| | | | |
|---|---|---|---|
| | | | രൂപ ഭൂവുടമൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിന് 40000 രൂപ നൽകുന്നു. ഇതിനായി 2022-23 സാമ്പത്തിക വർഷത്തിൽ 566 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞവ കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **ക്രമ നം.** | **പദ്ധതിയുടെ പേര്** | **വകയിരുത്തിയ തുക (ലക്ഷം രൂപയിൽ)** |
|---|---|---|
| I | കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം | |
| 1 | കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ – ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ | 1200 |
| 2 | ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി | 900 |
| 3 | കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി | 800 |
| II | വിസ്തൃതി വർദ്ധനവും വികസന സമീപനവും | |
| 4 | നെല്ല് വികസനം | 7600 |
| 5 | പച്ചക്കറി വികസനം | 7720 |
| 6 | നാളികേര വികസനം | 7390 |
| 7 | സുഗന്ധ വ്യഞ്ജന വികസനം | 360 |
| 8 | പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം | 1892 |
| 9 | സംയോജിത കൃഷിസമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം | 250 |
| | **ആകെ** | **28,112** |